മായ ഫിലിം കിട്ടുന്നില്ലെന്ന പരാതി മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആവശ്യമായ ഫിലിമിന്റെ കോട്ട അനുവദിച്ചു കൊടുക്കുന്നില്ല എന്നുള്ള വിവരം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ഫിലിമിന്റെ സ്കേഴ്സിറ്റിയുണ്ട്. അത് പരിഹരിക്കാനുള്ള നടപടി എന്താണെന്ന് പരിശോധിക്കാം.

ശ്രീ. ഇ. കെ. നായനാർ: ഇത്രയും ഒരു മറുപടി കേട്ടതുകൊണ്ടാണ് ഞാൻ ഇതു ചോദിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി റെഫറൽ ആക്കാൻ ആലോചിക്കുന്നുണ്ട്. പക്ഷേ നടപടിയൊന്നും ആയിട്ടില്ല എന്ന്. എനിക്ക് അതിനെക്കുറിച്ച് അറിയാനുള്ളത് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി റെഫറൽ ആക്കുമ്പോൾ അതിന് ചുറ്റുപാടുമുള്ള ആശുപത്രികൾക്കൊക്കെ വികസിക്കാനും വളരാനും കഴിഞ്ഞു. ഇടയ്ക്കെന്നെ കോട്ടയം മെഡിക്കൽ കോളേജുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജുണ്ട്. ഒരു വലിയ ഹോസ്പിറ്റൽ കൊല്ലത്തുണ്ട്. ഇവിടെ തിരുവനന്തപുരത്ത് തന്നെ ആയുർവേദ ഹോസ്പിറ്റലുകളും മറ്റ് ആശുപത്രികളെല്ലാമുണ്ട്. ഇതൊന്നുമില്ലാത്ത ഒരു മെഡിക്കൽ കോളേജ് ആശുപത്രി മലബാറിൽ ഉണ്ട്. അതാണ് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി. കോഴിക്കോട് ഉൾപ്പെടെ കാസർകോഡ് മുതൽ തൃശ്ശൂർ വരെയുള്ള താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളും വികസിപ്പിക്കുകയും, ബെഡ്ഡില്ലാതെയും, ഡോക്ടർ ഇല്ലാതെയും എക്സ്റേ പ്ലാൻറില്ലാതെയും നടക്കുമ്പോൾ കോഴിക്കോട് മാത്രം റെഫറലാക്കിയാൽ ആളുകളെയൊക്കെ റെഫർ ചെയ്യേണ്ടിവരും. അതുകൊണ്ട് ഈ ആശുപത്രികളിലൊക്കെ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയതിനുശേഷം കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി റഫറൽ ആശുപത്രിയാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ചുറ്റുപാടുമുള്ള ആശുപത്രികളിൽ സൗകര്യക്കുറവുകൊണ്ട് റെഫറൽ ആശുപത്രി എഫക്ടീവ് ആകുന്നില്ല എന്നു പറയുന്നത് മുഴുവൻ ശരിയല്ല. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി റെഫറൽ ഹോസ്പിറ്റൽ ആക്കിയതിന് ശേഷം ഔട്ട് പേഷ്യൻറ് എന്നുള്ള നിലയിൽ ട്രീറ്റ് ചെയ്തയക്കേണ്ട കേസ്സുകൾ മുൻപ് മെഡിക്കൽ കോളേജുകളിൽ ഉണ്ടായിരുന്നത് ഒഴിവാക്കിയതിന്റെ ഫലമായി അവിടെ വളരെ ഇംപ്രൂവ്മെൻറ് ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് അറിയാവുന്നതുപോലെതന്നെ കോഴിക്കോട് ബീച്ച് ഹോസ്പിറ്റലിൽ ഈ അടുത്ത കാലത്ത് 14 ലക്ഷം രൂപ അതിന്റെ എക്വിപ്മെൻസിനും റിപ്പയറിംഗിനുമായിട്ട് കൊടുത്തിട്ടുണ്ട്. 120-ഓളം പോസ്റ്റ് പുതുതായി ക്രിയേറ്റ് ചെയ്ത് പോസ്റ്റിംഗ് നടത്തിയിട്ടുണ്ട്. അതുപോലെ കൊയിലാണ്ടി ഹോസ്പിറ്റൽ, വടകര ഹോസ്പിറ്റൽ ഇവയൊക്കെതന്നെ ഇംപ്രൂവ് ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സാറിസ് ഫൈഡ് ആയിക്കഴിഞ്ഞാൽ ഉടൻ തന്നെ ഇതിന്റെ ഉത്ഘാടനം നടത്തും.

പരോക്ഷ അനുവദിക്കുന്നതിനുള്ള നിയമം

* 203 [235] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

ശിക്ഷിക്കപ്പെട്ട് സെൻട്രൽ ജയിലിൽ കഴിയുന്നവർക്ക് 'പരോൾ' അനുവദിക്കുന്ന കാര്യത്തിൽ ഉദാരമായ നയം സ്വീകരിച്ചുകൊണ്ട് നിലവിലുള്ള നിയമത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഇല്ല.

ശ്രീ. വി. ജെ. തങ്കപ്പൻ: ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്ന തടവുപുള്ളികൾക്ക് അവരുടെ വീടുകളിൽ എന്തെങ്കിലും ദുരന്തം സംഭവിക്കുകയോ അല്ലെങ്കിൽ മറ്റെന്തെങ്കിലും അത്യാവശ്യത്തിന് വേണ്ടിയോ അപേക്ഷ വരുമ്പോൾ അത് ശരിയാണെന്ന് ബോധ്യപ്പെട്ടാൽ നിയമത്തിൽ അയവു വരുത്തി പരോൾ അനുവദിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കരുണാകരൻ: ഇപ്പോഴുള്ള പരോൾ സിസ്റ്റം തന്നെ വളരെ ലിബറലൈസ്ഡ് ആണ്. ഓരോ കാറ്റഗറിക്കും കാലയളവ് നിശ്ചയിച്ചിട്ടുണ്ട്. അത് ഞാൻ വായിക്കാം. ഒരു വർഷം മുതൽ അഞ്ച് വർഷക്കാലം വരെ വിവിധ കാലയളവിൽ ശിക്ഷിക്കപ്പെട്ട സ്വഭാവശുദ്ധിയുള്ള തടവുകാർക്ക് ശിക്ഷാകാലയളവിന്റെ പകുതി ഭാഗം പൂർത്തിയായാൽ സാധാരണ അവധിക്ക് അർഹതയുണ്ട്. അഞ്ച് വർഷത്തിൽ കൂടുതൽ കാലയളവിലേക്ക് ശിക്ഷിക്കപ്പെട്ടവർക്ക് ശിക്ഷയുടെ കാലയളവിന്റെ മൂന്നിലൊരു ഭാഗമോ, മൂന്നു വർഷത്തെ ശിക്ഷയോ അതിൽ ഏതാണ് കുറവ് അത് പൂർത്തിയാക്കിയാൽ പരോൾ അനുവദിക്കുന്നുണ്ട്. ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെയും ശുപാർശയുടേയും അടിസ്ഥാനത്തിലാണ് സാധാരണ അവധി അനുവദിക്കുന്നത്. ഒരു പ്രാവശ്യം അവധി കഴിഞ്ഞ് ജയിലിൽ തിരിച്ചെത്തി ആറു മാസം പൂർത്തിയാക്കിയാലാണ് പിന്നീട് വീണ്ടും അവധിക്ക് അവർ അർഹരാകുന്നത്. ഇത് പ്രധാനമായിട്ട് കൊടുക്കുന്നത് മക്കളുടെ വിവാഹത്തിന് ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ആണ്. പിന്നെ ബന്ധുമരണം സംഭവിച്ചാൽ കൊടുക്കുന്നുണ്ട്. രോഗം വന്നാൽ കൊടുക്കുന്നുണ്ട്. പ്രധാനമായിട്ട് പരോൾ കൊടുക്കുന്നതിന് മുൻപായി ഈ പ്രതിക്ക് പരോൾ അനുവദിച്ചു കഴിഞ്ഞാൽ അവിടെ ചെന്നാൽ ഏതെങ്കിലും വിധത്തിലുള്ള നിയമ ലംഘനം ഉണ്ടാകാൻ സാദ്ധ്യതയുണ്ടോ, അല്ലെങ്കിൽ വീണ്ടും അക്രമത്തിന് മുതിരുമോയെന്നുള്ള കാര്യങ്ങളെ സംബന്ധിച്ച് പോലീസിന്റെ റിപ്പോർട്ടും കൂടി വാങ്ങിച്ചതിനു ശേഷം കൊടുക്കാനുള്ള വ്യവസ്ഥയാണ് ഉള്ളത്. പരോളിന് വിട്ടതിനുശേഷം പരോൾ പീരിയഡിൽ പോയിട്ട് കൊലപാതകം നടത്തിയ അനുഭവം വരെയുണ്ടായിട്ടുണ്ട്. അതുകൊണ്ട് പരോളിന്റെ കാര്യത്തിൽ കുറച്ചുകൂടി കെയർഫുൾ ആകേണ്ടതു് ആവശ്യമാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ: നിയമത്തിൽ എന്തൊക്കെ പറഞ്ഞാലും അങ്ങയുടെ മുൻഗാമി ശ്രീമാൻ വയലാർ രവി നിയമസഭാ സാമാജികൻമാരുടെ റെപ്രസന്റേഷൻ കണക്കിലെടുത്തുകൊണ്ട് പരോൾ അനുവദിക്കുന്ന കാര്യത്തിൽ വളരെ ലിബറലായ ഒരു സമീപനം സ്വീകരിച്ചിരുന്നു. അതുപോലെ ഒരു സമീപനം അങ്ങേക്കും സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. കെ. കരുണാകരൻ: ഇതിലൊക്കെ ലിബറലാക്കുക എന്ന് പറഞ്ഞാൽ അതിന്റെ വ്യാപ്തി വളരെ വിപുലമാണ്. ഏതായാലും പരോൾ അനുവദിച്ചിട്ട് പോയി ആളുകളെ കൊല്ലുന്ന നിലയിലുള്ള ഒരു ലിബറലായ സമീപനം സ്വീകരിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഇ. ഇസ്മയിൽ: ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട് കാലാവധി പൂർത്തിയായിട്ടും ബന്ധപ്പെട്ട കമ്മിറ്റി അവരെ വിടണമെന്ന് ശുപാർശ ചെയ്തിട്ടും വിടാത്ത വല്ല കേസുകളും നിലവിലുണ്ടോ? പ്രായപൂർത്തിയാകുന്നതിന് മുൻപ് ജയിൽ ശിക്ഷ അനുഭവിക്കുകയും ജയിലിൽ വച്ച് എസ്. എസ്. എൽ. സി. യും, പ്രീ യൂണിവേഴ്സിറ്റിയുമൊക്കെ ഫസ്റ്റ് ക്ലാസ്സിൽ പാസ്സാകുകയും ഇത്തരം പ്രവർത്തനങ്ങളിൽ യാദൃച്ഛികമായി കടന്നു കയറിയതാണ് എന്ന് ബോദ്ധ്യമാകുകയും ചെയ്ത കേസുകളിൽ കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടും വിടാത്ത കേസ്സുകളുണ്ടെങ്കിൽ അവരെ വിടാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ശിക്ഷിക്കുന്ന അവസരത്തിൽ തന്നെ തൂക്കി കൊല്ലേണ്ട കേസ്സാണെങ്കിലും ജീവപര്യന്തം തടവിന് ശിക്ഷിക്കുമ്പോൾ ചില ഓർഡറിൽ പറയുന്നത് ഈ പ്രതിയെ വിട്ടയക്കരുതെന്നാണ്. ലൈഫ് ടൈം എന്ന് പറഞ്ഞാൽ മരണം വരെ വച്ച് കൊണ്ടിരിക്കാവുന്ന സൗകര്യങ്ങളുള്ള ഓർഡർ പുറപ്പെടുവിച്ചിട്ടുള്ള കേസ്സുകളുണ്ട്. എന്തായാലും ഈ കാര്യത്തിൽ ഗവൺമെന്റ് പരമാവധി സഹായിക്കാനുള്ള ശ്രമങ്ങളാണ് സ്വീകരിക്കുന്നത്. പക്ഷേ സമൂഹത്തിന് ദോഷകരമായ നിലയിൽ ദേഗതി ചെയ്യാൻ പ്രയാസമാണ്.

ശ്രീ. സി. ടി. കൃഷ്ണൻ: മുഖ്യമന്ത്രി ആഭ്യന്തര വകുപ്പിന്റെ ചുമതല ഏറ്റെടുത്തതോടുകൂടി പരോളെല്ലാം തന്നെ വളരെ കർശനമാക്കിയിരിക്കുന്നുവെന്നാണ് അനുഭവം. പാവപ്പെട്ടവരെല്ലാം സെക്രട്ടറിക്ക് ഡെലിഗേറ്റ് ചെയ്തു എന്നാണ് പറയുന്നത്. സെക്രട്ടറിയുടെ മുൻപിൽ പോകുമ്പോൾ സെക്രട്ടറി പറയുന്നത് മരിച്ചാലേ പരോൾ അനുവദിക്കൂ എന്നാണ്. ഈ സ്ഥിതി മാറണം. മരിക്കുന്നതിന് മുൻപ് ഒന്ന് കാണുന്നതിനുവേണ്ടിയാണ് ജയിലിൽ കിടക്കുന്ന ആളുകൾ പരോളിന് വേണ്ടി ആവശ്യപ്പെടുന്നത്. മരിച്ചാലേ പരോൾ കൊടുക്കുകയുള്ളൂവെന്ന് പറയുന്നതിൽ യാതൊരു ന്യായീകരണവുമില്ല. അതുകൊണ്ട് എം. എൽ. എ. മാർ കൊടുക്കുന്ന അപേക്ഷകളെങ്കിലും പരിഗണിച്ച് പരോൾ ഉദാരമാക്കാൻ നടപടി എടുക്കുമോ?

ശ്രീ. കെ. കരുണാകരൻ: ലിബറലായി പരോൾ കൊടുത്തിട്ട് ആ പരോൾ കഴിഞ്ഞ് തിരിച്ച് വരാത്ത കേസ്സുകൾ ആറെണ്ണമുണ്ട്. അതുകൊണ്ട് ലിബറലാക്കാൻ ഉദ്ദേശമില്ല.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: മുൻഗാമിയെപ്പോലെ ലിബറലാകാൻ ആഗ്രഹിക്കുന്നില്ലെങ്കിലും റിജിഡ് ആകാതിരിക്കുവാൻ ശ്രദ്ധിക്കുമോ?

ശ്രീ. കെ. കരുണാകരൻ: റിജിഡ് ആകുന്നില്ല. സമൂഹത്തിന് ദോഷമില്ലാത്ത നിലയിൽ ലിബറലാകാം.

ശ്രീ. ഒ. ഭരതൻ: പരോളിൽ പോയിക്കഴിഞ്ഞതിന് ശേഷം നമ്മുടെ സംസ്ഥാനത്തിനകത്ത് ഇതിനകം അഞ്ചോ ആറോ ആളുകൾ മാത്രമേ ആ നിയന്ത്രണങ്ങൾ അതിലംഘിച്ചുകൊണ്ട് വീണ്ടും ജയിലിലേക്ക് വരാതിരുന്നിട്ടുള്ളൂ. അങ്ങനെ ഏതെങ്കിലും ഒന്നോ രണ്ടോ പ്രത്യേക ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ച് പരോളിന് ന്യായമായിട്ടുള്ള അർഹതയുള്ള ആളുകൾക്ക് പരോൾ നിഷേധിക്കുന്നത് ഉചിതമാണോ? മാനുഷികമായിട്ടുള്ള പരിഗണന വച്ച് എങ്കിലും പരോൾ അനുവദിക്കേണ്ടതല്ലേ?

ശ്രീ. കെ. കരുണാകരൻ: നിശ്ചിത പീരിയഡ് കഴിഞ്ഞാൽ കിട്ടും. അതിന് പുറമെ മരണം സംഭവിച്ചാൽ അല്ലെങ്കിൽ മക്കളുടെ കല്ല്യാണം വന്നാൽ ഇതിനൊക്കെ കൊടുക്കുന്നുണ്ട്. ആ കാര്യത്തിൽ വളരെ ലിബറലാണ്.

കേരളത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ

* 204 [236] ശ്രീ. കോട്ടക്കുഴി സുകുമാരൻ:
,, വി. വി. ജോസഫ്:
,, പി. സി. ജോർജ്: താഴെ ക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര വിനോദ സഞ്ചാരകേന്ദ്രങ്ങൾ ഉണ്ട്;

(ബി) ഏതെല്ലാം;

(സി) ഇവയുടെ വികസനത്തിനുവേണ്ടി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ, ബി) ഒരു പ്രദേശത്തേയും വിനോദസഞ്ചാര കേന്ദ്രമാക്കി പ്രഖ്യാപിക്കുന്ന പതിവില്ല. വിനോദസഞ്ചാരികളെ ആകർഷിക്കുന്ന പ്രധാന സ്ഥലങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് രണ്ടു ട്രാവൽ സർക്യൂട്ടുകൾക്ക് രൂപം നൽകിയിട്ടുണ്ട്. അവ താഴെ പറയുന്നു:

ദക്ഷിണമേഖല

തിരുവനന്തപുരം (വേളി, കോവളം)—പൊൻമുടി വർക്കല—കൊല്ലം—ആറൻമുള—കോട്ടയം—കുമരകം, തേക്കടി—മൂന്നാർ—കൊച്ചി

ഉത്തരമേഖല

തൃശ്ശൂർ—ഗുരുവായൂർ—ചെറുതുരുത്തി—മലമ്പുഴ— കോട്ടയ്ക്കൽ—കോഴിക്കോട്—സുൽത്താൻബത്തേരി—കണ്ണൂർ—

(സി) വിനോദസഞ്ചാരികൾക്ക് ഭക്ഷണം, താമസസൗകര്യം, യാത്രാസൗകര്യം എന്നിവയ്ക്ക് പുറമെ പ്രകൃതിസൗന്ദര്യം ആസ്വദിക്കാനും വന്യമൃഗങ്ങളെ അടുത്തു കാണുന്നതിനും ജലക്രീഡയ്ക്കും മറ്റു വിനോദങ്ങളിൽ ഏർപ്പെടുന്നതിനും ഉള്ള സൗകര്യങ്ങൾ പരമാവധി ലഭിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി ഗസ്റ്റ് ഹൗസുകൾ, ഡോർമിറ്ററികൾ, മോട്ടലുകൾ തുടങ്ങിയവ നിർമ്മിക്കുകയാണ് പ്രധാന പദ്ധതി. കോവളത്ത് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ വാട്ടർ സ്പോർട്ട്സ് ഏർപ്പെടുത്തുവാൻ പരിപാടിയുണ്ട്. കൊല്ലം, കുമരകം, കൊച്ചി ഇവ ബന്ധപ്പെടുത്തി ബോട്ട് സർവ്വീസ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു. തേക്കടിയിലും മലമ്പുഴയിലും കൂടുതൽ ബോട്ടുകൾ ഏർപ്പെടുത്തുന്നതാണ്. വേളി ഒരു വിശ്രമ വിനോദസങ്കേതമായി വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly